"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഭൂരഹിത പുനരധിവാസം- ശ്രീ.ശശി എ വി. ആലുങ്കൽ വീട്, വേങ്ങൂർ, എറണാകുളം എന്നയാൾക്ക് പട്ടികജാതി വകുപ്പ മുഖേന ലഭ്യമാക്കിയ ഭൂമി RKDP പദ്ധതി പ്രകാരം വനം വകുപ്പ് ഏറ്റെടുക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

G.O.(Ms)No.6/2024/SCSTD തീയതി,തിരുവനന്തപുരം, 29-02-2024

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 30-11-2023 ലെ ഡെവ എ3 4702/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ശശി എ വി. ആലുങ്കൽ വീട്, വേങ്ങൂർ, എറണാകുളം എന്നയാൾക്ക് വകുപ്പിന്റെ ഭൂരഹിത പദ്ധതി പ്രകാരം 2003-04 സാമ്പത്തിക വർഷം ധനസഹായമായി അനുവദിച്ച 19,500/-രൂപ ഉപയോഗിച്ച് കൊമ്പനാട് വില്ലേജിൽ വനമേഖല പ്രദേശത്തോട് ചേർന്ന് 3 സെന്റ് ഭൂമി വാങ്ങുകയും തുടർന്ന് 2005-06 വർഷം ടിയാന് 70750/- രൂപ ഭവന നിർമ്മാണ ധനസഹായവും അനുവദിച്ചു. ടിയാന്റെ വിദ്യാർത്ഥിയായ മകന്റെ പേരിൽ 2017-18 വർഷം പഠനമുറി നിർമ്മാണ ധനസഹായവും അനുവദിച്ചിട്ടുണ്ട്. 24.08.2014-ൽ ശ്രീ. ശശി മരണപ്പെടുകയുണ്ടായി. പ്രസ്തുത വീട്ടിൽ ടിയാന്റെ ഭാര്യ ശ്രീമതി.ബിന്ദു, മക്കളായ ആകാശ്, അനന്യ എന്നിവർ താമസിച്ചു വരുന്നു. ടി സ്ഥലം വനാതിർത്തി ആയതിനാൽ വന്യജീവിശല്ല്യം കാരണം ജീവിതം ബുദ്ധിമുട്ടാണ്. വനം വകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ (Rebuild Kerala Development Programme) RKDP യുടെ ഭാഗമായി ടി വസ്തു വനം വകുപ്പിന് വിട്ട് നൽകി നഷ്ട പരിഹാര തുക കൈപ്പറ്റുന്നതിന് ശ്രീമതി. ബിന്ദു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി എറെറടുക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണെന്നും മേയ്ക്കപ്പാല ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

ശ്രീമതി.ബിന്ദുവിന് പട്ടികജാതിവികസന വകുപ്പ് മുഖേന ലഭ്യമാക്കിയ ഭൂമി വനം വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിനായി നിരാക്ഷേപസാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരേതനായ ശശി എ വി. ആലുങ്കൽ വീട്, വേങ്ങൂർ, എറണാകുളം എന്നയാൾക്ക് അനുവദിച്ചിട്ടുള്ളതും നിലവിൽ ടിയാളുടെ ഭാര്യ ബിന്ദുവിന്റെ പേർക്കുള്ള ഭൂമി Relocation of private settlements from Forests" പദ്ധതി പ്രകാരം സർക്കാരിന് തന്നെ കൈമാറ്റം ചെയ്യുന്ന പക്ഷം സർക്കാർ ധനസഹായമായി ടി കുടുബത്തിലെ മൂന്നുപേർക്കും 15 ലക്ഷം രൂപ ആകെ 45 ലക്ഷം രൂപ ലഭിക്കും. നിലവിൽ വന മേഖലയിൽ താമസിക്കുന്ന ശ്രീമതി ബിന്ദുവിനും കുടുംബത്തിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സഹായകമാകും എന്നതിനാലും പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ തടയുന്നതിനായുള്ള ഒരു സുസ്ഥിര സർക്കാർ പദ്ധതിയുടെ നടത്തിപ്പിലേക്കാണ് എന്നതിനാലും , ടിയാൾക്ക് സർക്കാരിൽ നിന്നും ഭൂമി /ഭവനം എന്നിവയ്ക്കായുള്ള ധനസഹായത്തിന് മേലിൽ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ വകുപ്പിൽ നിന്നും അനുവദിച്ച ഭൂമി മേൽ പരാമർശിച്ചിട്ടുള്ള സർക്കാരിന്റെ തന്നെ മറ്റൊരു പദ്ധതിയിലേക്ക് വിട്ടുകൊടുക്കുന്നതിനുള്ള നിരാക്ഷേപ പത്രം നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് അനുമതി ഉത്തരവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P T JOY
ADDITIONAL SECRETARY

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shameem Muhammed B M
Date: 29-02-2024 16:16:09
സെക്ഷൻ ഓഫീസർ